# കോട്ടയം.

(സ്വന്തം റിപ്പോർട്ടർ) കർക്കടകം 9

വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൌൺസിൽമെമ്പറായ റൈററ് ഓണറബിൾ സർ ചൌദ്രി മുഹമ്മദ് സഫ്റുള്ളാഖാൻ ഓഗസ്റ്റ് 5-ാംനു എറണാകുളത്തുനിന്നു പകൽ രണ്ടരമണിക്കു മോട്ടോർകാർ മാർഗ്ഗം ഇതുവഴി വന്നു തിരുവനന്തപുരത്തേക്കു പോകുന്നതും, 7-ാംതീയതി തിരുവനന്തപുരം വിടുന്നതും ആണെന്നറിയുന്നു.

കോട്ടാർ ബിഷോപ്പ് ലോറൻസ് പെരേരാ അവർകൾ വരാപ്പുഴ ആർച്ചുബിഷോപ്പവർകളുടെ പാലിയവസ്ത്രധാരണകർമ്മത്തിൽ സംബന്ധിക്കുവാൻ ഇവിടെ എത്തിയ ശേഷം എറണാകുളത്തേക്കു പോയിരിക്കുന്നു.

കാലം ചെയ്ത കുര്യാളശ്ശേരി മെത്രാൻ അവർകളുടെ ശരീരാവശിഷ്ടസംസ്കാരകർമ്മത്തിൽ സംബന്ധിക്കുന്നതിലേക്കായി ബിഷോപ്പ് ഡാക്ടർ ചൂളപ്പറമ്പിലവർകൾ ഇന്നു ചങ്ങനാശേരിക്കു പോയിരിക്കുന്നു. അനവധി ജനങ്ങൾ ഇതു സംബന്ധമായി നടക്കുന്ന ആഘോഷത്തിൽ സംബന്ധിക്കുവാൻ അങ്ങോട്ടു പോയിട്ടുണ്ടെന്നറിയുന്നു

ശ്രീമാൻ എം എൻ നായർ അവർകളുടെ അകാലദേഹവിയോഗത്തിലുള്ള അനുശോചനത്തെ പ്രദർശിപ്പിക്കാനും, പരേതന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുന്നതിനുമായി 442-ാം നമ്പർ മുട്ടമ്പലം നായർ കരയോഗത്തിന്റെ ഒരു പ്രത്യേക യോഗം വച്ചു ശ്രീമാൻ ഗോവിന്ദപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ കരയോഗാംഗമായ മി. ആർ ഗോവിന്ദൻനായരുടെ വക ഭവനത്തിൽവച്ച് ഇന്നലെ രാത്രി 7 മണിക്കു നടന്നിരിക്കുന്നതായറിയുന്നു.

ഇന്നലെ പകൽ ഒന്നരമണിയോടുകൂടി മനോരമയ്ക്കു കിഴക്കുവശം കെ കെ റോഡിൽവച്ചു പടിഞ്ഞാറുനിന്നും, കിഴക്കോട്ട് ഓടിച്ചുകൊണ്ടുപോയ ഒരു ചെറിയ മോട്ടോർകാറു, കിഴക്കു നിന്നും ഓടിച്ചുവന്ന ഒരു സൈക്കിളും തമ്മിൽ കൂട്ടിമുട്ടുകയാൽ സൈക്കിൾസവാരിക്കാരൻ സാരമായ പരുക്കേറ്റ് ആശുപത്രിയിലെത്തിയിരിക്കുന്നു. സൈക്കിളിന്റെ മുൻവശം തകർന്നുപോകുകയും, കാർ സമീപമുള്ള ഒരു മതിലിൽ ചെന്നടിച്ചു മറിഞ്ഞു കേടു സംഭവിക്കുകയും ചെയ്തിരിക്കുന്നു. ഡ്റൈവർക്കു യാതൊരപകടവും സംഭവിച്ചിട്ടില്ലെന്നാണറിയുന്നതു്.

തിരുവിതാംകൂറിൽ ഇദംപ്രഥമമായി മദ്രാസുഗവർമ്മെന്റിൽനിന്നു് ആലപ്പുഴവെച്ചു നടത്തിയ ഇലക്ട്രിക്കൽ എൻജിനീയറിംഗ് പരീക്ഷയിൽ സ്ഥലത്തെ പി എസ് ടെക്കിനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പരീക്ഷയ്ക്കയച്ചിരുന്നവരായ മെ: പി സി അയ്പ്പ്, റ്റി ജെ കുര്യൻ ഇവർ രണ്ടുപേരും ടി പരീക്ഷയിൽജയിച്ചിരിക്കുന്നതായി അറിയുന്നു.